# മലയാളം

## Guidelines

**ശ്രവണപരിമിതിയുള്ള കുട്ടികൾക്കുവേണ്ടിയുള്ള സിലബസ്, പാഠപുസ്തകം എന്നിവയുടെ അനുരൂപീകരണം നടത്താനുള്ള മാർഗരേഖ**

### ആശയമേഖല/പ്രമേയം/പ്രശ്നമേഖല

- സിലബസിലെ എല്ലാ ആശയങ്ങളും അനുരൂപീകരണം നടത്തുമ്പോൾ വിശദീകരിക്കേണ്ട താണ്.
- ആശയങ്ങൾ ആവർത്തിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കാവുന്നതാണ്.
- കുട്ടികൾക്ക് ആശയഗ്രഹണത്തിന് ബുദ്ധിമുട്ടുണ്ടാകുന്ന പാഠഭാഗങ്ങൾ വളരെ അധികം ഉണ്ടെ ങ്കിൽ തുടർപഠനത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ പരിമിതപ്പെടുത്താവുന്നതാണ്.
- കുട്ടികൾ അഭിമുഖീകരിക്കുന്ന സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളും ധാര ണകളും ഒഴിവാക്കരുത്.
- മൂല്യങ്ങൾ, മനോഭാവങ്ങൾ ഇവ കുട്ടികളിൽ രൂപപ്പെടുത്താൻ സഹായകമായ ആശയങ്ങളും ധാരണകളും ഉൾപ്പെടുത്താവുന്നതാണ്.
- കുട്ടികളുടെ ഭാഷാപരിമിതിക്ക് അനുസരിച്ച് പഠനപ്രക്രിയയിലും പ്രവർത്തനത്തിലും ഉചി തമായ മാറ്റം വരുത്തേണ്ടതാണ്.
- എഴുത്തും ഭാഷണവും വികസിപ്പിക്കാൻ ആവശ്യമായ പഠനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.
- ഉയർന്ന ചിന്താശേഷി ആവശ്യപ്പെടുന്ന പഠനപ്രവർത്തനങ്ങൾ കുട്ടിയുടെ ഭാഷാശേഷിക്ക് അനുസരിച്ച് ഉചിതമായ മാറ്റങ്ങളോടെ അവതരിപ്പിക്കണം.
- ദൃശ്യപ്രധാനമായ പഠനാനുഭവങ്ങൾ കൂടുതൽ നൽകി ഭാഷാവികസനം നടത്തണം.
- സംഭാഷണം, അഭിനയസാധ്യത തുടങ്ങിയവ ഉൾക്കൊള്ളുന്ന പഠനപ്രവർത്തനങ്ങൾക്ക് കൂടു തൽ പ്രാധാന്യം കൊടുക്കണം.
- പദങ്ങളുടെ എഴുത്തും രൂപവും പരിചയപ്പെടുത്തണം.
- ഐ.സി.റ്റി. സാധ്യതയിലൂടെ പഠനപ്രവർത്തനങ്ങൾ (ചിത്രങ്ങൾ, ചലച്ചിത്രങ്ങൾ) പരമാ വധി പ്രയോജനപ്പെടുത്തണം.
- മുൻക്ലാസുകളിലെ പഠനപ്രവർത്തനങ്ങളുടെ വളർച്ചയും തുടർച്ചയും ഉണ്ടാകണം.
- ഓരോ പാഠവുമായി ബന്ധപ്പെട്ട് ആശയഗ്രഹണത്തിനുള്ള പഠനപ്രവർത്തനങ്ങൾ നൽകണം.
- കുട്ടികളുടെ ഭാഷാപരിമിതി പരിഗണിച്ച് കൂടുതൽ ദൈർഘ്യമുള്ള രചനാപ്രവർത്തനങ്ങൾ മിതപ്പെടുത്തണം.
- ഉപന്യാസം, ലഘുപ്രബന്ധം എന്നിവയ്ക്ക് ആശയസൂചകങ്ങൾ നൽകണം.
- സർഗാത്മക രചനകളിൽ സന്ദേശം, പോസ്റ്റർ, ചിത്രരചന എന്നിവയ്ക്ക് പ്രാധാന്യം കൊടു ക്കണം.

# മൂല്യനിർണ്ണയം

## a. നിരന്തരമൂല്യനിർണയം

- ക്ലാസിൽ നടത്തുന്ന പഠനപ്രവർത്തനങ്ങൾക്കനുസരിച്ച് നിരന്തരമൂല്യനിർണയം ചിട്ടപ്പെടുത്തണം.
- ഓരോ പ്രവർത്തനങ്ങളിലും കുട്ടികൾ പ്രകടിപ്പിക്കുന്ന മികവുകൾ പ്രത്യേകം രേഖപ്പെടുത്തിവയ്ക്കണം.
- വാചികമായ പ്രകടനങ്ങൾ, ലിഖിതപ്രകടനങ്ങൾ, സർഗാത്മക പ്രവർത്തനങ്ങൾ തുടങ്ങിയവ നിരന്തരമൂല്യനിർണയത്തിൽ പരിഗണിക്കണം.
- വിപുലമായ രേഖകൾ എഴുതിത്തയാറാക്കാൻ നിർബന്ധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കണം.

## b. ടേം മൂല്യനിർണയം

- ടേം മൂല്യനിർണയ ചോദ്യങ്ങളിൽ ഉയർന്ന ചിന്താശേഷിയുള്ള ചോദ്യങ്ങൾ ശ്രവണവൈകല്യമുള്ള കുട്ടികളുടെ നിലവാരത്തിൽ ഉള്ളതായിരിക്കണം. ആവശ്യമെങ്കിൽ അത്തരം ചോദ്യങ്ങൾക്ക് പകരം (choice) ചോദ്യങ്ങൾ നൽകണം.
- ഉപന്യാസം, പ്രബന്ധം തുടങ്ങിയ ചോദ്യങ്ങൾക്ക് ആശയ സൂചനകൾ നൽകണം.
- തുടർ വായനയ്ക്കായി കൊടുത്തിട്ടുള്ള പാഠഭാഗങ്ങളിൽ നിന്ന് പൊതുപരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതില്ല.
- പാഠപുസ്തകബാഹ്യമായ ചോദ്യങ്ങൾ പരമാവധി ഒഴിവാക്കണം.
- സർഗാത്മകരചനയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ (കഥാരചന, കവിതാരചന, നാടകരചന, തിരക്കഥ തുടങ്ങിയവ) ഒഴിവാക്കണം.
- അവധാരണ തലത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.

### പാഠഭാഗങ്ങൾ

- പാഠഭാഗങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രവണശേഷി കുറവുള്ള കുട്ടികളുടെ പ്രകൃതത്തിന് ( Nature) പ്രാധാന്യം കൊടുക്കണം.
- നേരിട്ട് ആശയഗ്രഹണം സാധ്യമാകുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ, ആത്മകഥ, ജീവചരിത്രം, ചിത്രം തുടങ്ങിയവ പാഠങ്ങളായി പരിഗണിക്കേണ്ടതാണ്.
- അമൂർത്താശയം വളരെ കൂടുതൽ വരുന്ന പാഠഭാഗങ്ങൾ, പ്രത്യേകിച്ച് കവിതകൾ പരിമിതപ്പെടുത്തേണ്ടതാണ്.
- ഏതെങ്കിലും ഒരു പാഠഭാഗം/പഠനപ്രവർത്തനം ഒഴിവാക്കുമ്പോൾ ആശയങ്ങളോ ധാരണകളോ ഒഴിവാകുമെങ്കിൽ പകരം പഠനപ്രവർത്തനങ്ങൾ നൽകി അവ പരിഹരിക്കേണ്ടതാണ്.

തുടർ വായനക്കായി കൊടുത്തിട്ടുള്ള പാഠഭാഗങ്ങളിൽ നിന്നും പൊതുപരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതില്ല.

# ക്ലാസ് – 10 –കേരളപാഠാവലി

**പ്രമേയം** : യുദ്ധവും സമാധാനവും | **സമയം** : 18 മണിക്കൂർ

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ |
|---|---|
| • ലോകത്തെവിടെയുമുള്ള മനുഷ്യൻ ഒന്നുതന്നെയാണ്. അവന്റെ വികാരവിചാരങ്ങളും അടിസ്ഥാന ആവശ്യങ്ങളും ഒന്നുതന്നെയാണ്.<br>• രാഷ്ട്രങ്ങൾ തമ്മിലുള്ള അതിർത്തികളും വേർതിരിവുകളും സാങ്കേതികം മാത്രമാണ്. അവ മനുഷ്യർ സൗകര്യാർഥം സൃഷ്ടിച്ചതാണ്.<br>• അധികാരത്തിനും അധിനിവേശത്തിനും വേണ്ടിയുള്ള സ്വാർഥതാല്പര്യമാണ് മനുഷ്യകുലത്തെ വെട്ടിമുറിക്കാൻ പ്രേരണയായിട്ടുള്ളത്.<br>• പല കാലഘട്ടങ്ങളിലും ഇത്തരം കീഴടക്കലുകൾ ചരിത്രത്തിൽ സ്ഥാനം പിടിച്ചിരുന്നു.<br>• നിസ്സഹായരായ മനുഷ്യർക്ക് ജീവിതമടക്കം സർവവും നഷ്ടപ്പെടുത്തുകയാണ് യുദ്ധങ്ങൾ ചെയ്തിട്ടുള്ളത്.<br>• ഇന്നും അധിനിവേശത്തിനും സ്വാർഥമോഹങ്ങൾക്കും വേണ്ടി ലോകത്തിന്റെ പല ഭാഗത്തും നിരപരാധികളുടെ രക്തം വീണുകൊണ്ടിരിക്കുന്നുണ്ട്.<br>• യുദ്ധചിത്രീകരണങ്ങളായും യുദ്ധത്തിനെതിരായുള്ള പ്രതിഷേധങ്ങളായും ഇവ സർഗാത്മക സാഹിത്യത്തിൽ ഇടം പിടിച്ചിട്ടുണ്ട്. സാഹിത്യം, ചിത്രകല, ചലച്ചിത്രം എന്നിവയിൽ യുദ്ധരംഗങ്ങൾ ശക്തമായ രീതിയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.<br>• വികാരങ്ങൾ ശക്തമായി ആവിഷ്കരിക്കുന്നതിനായി വൈവിധ്യമാർന്ന രചനാതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നു. | • പുരാണേതിഹാസങ്ങളിലെ യുദ്ധചിത്രീകരണ ഭാഗങ്ങൾ വിശകലനം ചെയ്ത് യുദ്ധം വരുത്തുന്ന നഷ്ടങ്ങൾ സംബന്ധിച്ച ധാരണകൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.<br>• യുദ്ധവിരുദ്ധ പ്രമേയങ്ങളുൾക്കൊള്ളുന്ന കഥകൾ, നോവൽഭാഗങ്ങൾ എന്നിവ ആസ്വദിക്കുകയും അവയുടെ സന്ദേശം സമൂഹത്തിലെത്തിക്കാനുള്ള (മുഖപ്രസംഗങ്ങൾ, ലഘുലേഖകൾ, പോസ്റ്റർ മുതലായവ തയാറാക്കുകയും ചെയ്യുന്നു.<br>• യുദ്ധവിരുദ്ധ ചലച്ചിത്രങ്ങൾ ആസ്വദിക്കുകയും ചലച്ചിത്ര ആസ്വാദനം തയാറാക്കുകയും ചെയ്യുന്നു.<br>• യുദ്ധത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിലെ ചിത്രങ്ങളും വാർത്തകളും ശേഖരിച്ച് ആൽബങ്ങൾ, പോസ്റ്ററുകൾ എന്നിവ തയാറാക്കുന്നു. |
| **പ്രമേയം** : എഴുത്തും ദേശവും | **സമയം** : 20 മണിക്കൂർ |
| • എഴുതപ്പെട്ട ചരിത്രത്തിനപ്പുറം ഓരോ ദേശത്തിനും അതിന്റേതായ സൂക്ഷ്മചരിത്രമുണ്ട്.<br>• ജനമനസ്സുകളിലും ജീവിതത്തിലുമാണ് ആ ചരിത്രം ജീവിക്കുന്നത്.<br>• ദേശത്തിന്റെ സൂക്ഷ്മചരിത്രം ആലേഖനം ചെയ്ത ഒട്ടനവധി സാഹിത്യകൃതികൾ മലയാളത്തിലുണ്ട്.<br>• ദേശവുമായി ബന്ധപ്പെട്ട മിത്തുകൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവ അന്വേഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പുതിയ കാലത്ത് ഏറെ പ്രാധാന്യമുണ്ട്.<br>• സാംസ്കാരിക പരിണാമങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നതിന് ദേശത്തിന്റെ സൂക്ഷ്മചരിത്രം തിരിച്ചറിയേണ്ടതുണ്ട്. | • ദേശത്തിന്റെ സൂക്ഷ്മചരിത്രം ആലേഖനം ചെയ്യപ്പട്ട കൃതികൾ ആസ്വദിക്കുന്നു.<br>• കൃതികളിൽ പ്രത്യക്ഷപ്പെടുന്ന സാംസ്കാരിക അടയാളങ്ങൾ തിരിച്ചറിയുന്നു, വിശകലനം ചെയ്യുന്നു.<br>• ഓരോ പ്രദേശത്തിന്റെയും സൂക്ഷ്മചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ ഏർപ്പെടുന്നു.<br>• സ്വന്തം ദേശം തന്നിൽ എത്രമാത്രം സ്വാധീനം ചെലുത്തി എന്നു വിശദീകരിക്കുന്ന, എഴുത്തുകാരുടെ ഓർമക്കുറിപ്പുകൾ വായിക്കുന്നു; ദേശവും എഴുത്തും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.<br>• വായനയിലൂടെ സ്വാംശീകരിച്ച ആശയങ്ങൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. |



https://www.freshersnow.com/category/govt-boards/board-syllabus/

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ |
|---|---|
| • ദേശസംസ്കാരത്തെ തിരിച്ചറിയുമ്പോഴാണ് പ്രാദേശികഭാഷ വൈവിധ്യത്തിനുള്ള ഉപാധിയെന്നതിലുപരി സാംസ്കാരികത്തനിമയുടെ കൂടി പ്രതിഫലനമാകുന്നത്.<br>• പ്രത്യയങ്ങൾ ചേരുമ്പോൾ പദങ്ങൾ കൂടുതൽ അർഥവത്തായിത്തീരുന്നു. | |
| **പ്രമേയം : കലയും സംസ്കാരവും** | **സമയം : 18 മണിക്കൂർ** |
| • കാലദേശങ്ങൾക്കനുസരിച്ച് കലാഭിരുചിയിലും മാറ്റം വരുന്നു.<br>• നമ്മുടെ സാഹിത്യത്തിന്റെ നല്ലൊരുപങ്ക് കലകൾക്കുവേണ്ടി ഉണ്ടായവയാണ്.<br>• കലകൾ ജനസമൂഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.<br>• മാറുന്ന ജീവിതാവസ്ഥകൾക്കനുസരിച്ച് കലകളുടെ ഉള്ളടക്കത്തിലും അവതരണരീതിയിലും മാറ്റം വരും.<br>• സന്ദർഭത്തിന് ഗൗരവവും പ്രൗഢിയും ചടുലതയും കൈവരുത്താൻ പദങ്ങളുടെ വിന്യാസക്രമം സഹായകമാവുന്നു. | • ക്ലാസിക് കലാരൂപങ്ങളുടെ ഉള്ളടക്കം വിശകലനം ചെയ്യൽ.<br>• കലകളുടെ ചരിത്രപരിണാമവും രംഗാവതരണവും വിശകലനം ചെയ്യുന്നതിന്റെ ഭാഗമായി ആധികാരിക സ്രോതസ്സുകളിൽ നിന്നു വിവരശേഖരണം നടത്തുകയും നേരിട്ട് നിരീക്ഷിക്കുകയും ചെയ്യൽ.<br>• കലകളോടുള്ള മാറിവരുന്ന മനോഭാവം ആവിഷ്കരിച്ചിട്ടുള്ള രചനകൾ ആസ്വദിക്കൽ.<br>• കലാപ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>• കഥ, കവിത എന്നിവ നാടകരൂപത്തിലാക്കി രംഗത്തവതരിപ്പിക്കുന്നു.<br>• കലാചർച്ചകളിൽ പങ്കെടുക്കുകയും കുറിപ്പുകൾ തയാറാക്കുകയും ചെയ്യുക. |
| **പ്രമേയം : സ്ത്രീസമത്വം** | **സമയം : 18 മണിക്കൂർ** |
| • സാമൂഹികപുരോഗതിയിൽ സ്ത്രീക്കും പുരുഷനും തുല്യമായ സ്ഥാനമാണുള്ളത്.<br>• എന്നാൽ ചരിത്രപരമായ കാരണങ്ങളാൽ സ്ത്രീകളെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തുന്നത് സാമൂഹികപുരോഗതിക്ക് തടസ്സമാകുന്നു.<br>• ജനാധിപത്യസമൂഹത്തിന്റെ ഉയർച്ചയ്ക്കായി സ്ത്രീയുടെ സ്വാതന്ത്ര്യബോധം പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്.<br>• കമ്പോളവൽക്കരണം വ്യാപകമായ സമൂഹങ്ങളിൽ സ്ത്രീകൾ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ട്.<br>• വീടുകളിൽ, തൊഴിലിടങ്ങളിൽ, പൊതുസമൂഹത്തിൽ സ്ത്രീകൾ ചൂഷണത്തിന് വിധേയരാകുന്നുണ്ട്.<br>• ലിംഗവിവേചനത്തിന്റെ നിരവധി തെളിവുകൾ ഭാഷയിലും സാഹിത്യത്തിലും കണ്ടെത്താം.<br>• സാമൂഹികകാരണങ്ങളുടെ പേരിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് പലവിധ വിലക്കുകൾ ഏർപ്പെടുത്തുന്നുണ്ട്. | • വാർത്തകൾ, ഫീച്ചറുകൾ എന്നിവ വിശകലനം ചെയ്ത് സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ധാരണ നേടുന്നു.<br>• സ്ത്രീകൾ പാർശ്വവൽക്കരണത്തിന് വിധേയരായതിന്റെ ചരിത്രപരമായ കാരണങ്ങൾ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വായിച്ച് ആശയം വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.<br>• സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കഥകൾ, കവിതകൾ, നാടകങ്ങൾ എന്നിവ ആസ്വദിക്കുകയും കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു.<br>• സ്ത്രീപ്രശ്നങ്ങൾ അവതരിപ്പിക്കുന്ന ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ കാണുകയും വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു.<br>• കുടുംബം, സമൂഹം എന്നിവിടങ്ങളിൽ സ്ത്രീ അനുഭവിക്കുന്ന പ്രയാസങ്ങൾ മറികടക്കുന്നതിനായുള്ള സാമൂഹിക ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി രചനകൾ തയാറാക്കുകയും സാമൂഹിക ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. |

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ |
|---|---|
| | • സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി വ്യത്യസ്ത സാമൂഹികപദവിയിലുള്ള സ്ത്രീകളുമായി അഭിമുഖങ്ങൾ നടത്തി ആശയങ്ങൾ വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.<br>• പദങ്ങൾ വേർതിരിക്കുകയും ചേർക്കുകയും ചെയ്യുമ്പോഴുണ്ടാവുന്ന മാറ്റങ്ങൾ കണ്ടെത്തുന്നു. |
| **പ്രമേയം : മനുഷ്യബന്ധങ്ങളിലെ വൈകാരികത** | **സമയം : 18 മണിക്കൂർ** |
| • മനുഷ്യബന്ധങ്ങളാണ് ജീവിതത്തിലെ നിലനിൽപ്പിന് ആധാരം<br>• പിതൃത്വം, മാതൃത്വം, സാഹോദര്യബന്ധം, ദാമ്പത്യം എന്നിവ ജീവിതത്തിന് വൈകാരിക തീവ്രത പകരുന്നു.<br>• സൗഹൃദവും അയൽപക്കബന്ധങ്ങളും ജീവിതത്തെ കൂടുതൽ ഹൃദ്യമാക്കുന്നുണ്ട്.<br>• മനുഷ്യ ജീവിതപരിണാമങ്ങൾക്ക് അനുസൃതമായി ബന്ധങ്ങളിലെ വൈകാരികതയും മാറ്റങ്ങൾക്ക് വിധേയമാകുന്നു.<br>• മനുഷ്യബന്ധങ്ങളുടെ തകർച്ച വ്യക്തിയെ അരാജകത്വത്തിലേക്കും നൈരാശ്യത്തിലേക്കും നയിക്കുന്നു.<br>• ബന്ധങ്ങളുടെ സ്വാധീനം മനോഭാവങ്ങളെ നിർണയിക്കുന്നു.<br>• ബന്ധങ്ങളുടെ വൈപുല്യമാണ് മനുഷ്യന്റെ വളർച്ച.<br>• ധനമോഹം, സ്വാർഥതാൽപര്യം എന്നിവ ബന്ധങ്ങളെ ദോഷകരമായി ബാധിക്കുന്നു.<br>• ത്യാഗം, കരുണ, സഹായമനസ്ഥിതി എന്നിവ മാനുഷികതയുടെ ഉന്നതതലങ്ങളാണ്. | • മനുഷ്യബന്ധങ്ങൾ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന കഥകൾ, കവിതകൾ, നോവൽ ഭാഗങ്ങൾ, നാടകരംഗങ്ങൾ തുടങ്ങിയവ വായിച്ച് ആസ്വാദനം ചെയ്യുന്നു.<br>• സവിശേഷബന്ധങ്ങളെക്കുറിച്ച് പ്രശസ്തവ്യക്തികൾ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന രചനകൾ വായിച്ച് വിലയിരുത്തുന്നു.<br>• സ്വജീവിതത്തിലെ ബന്ധവൈചിത്ര്യങ്ങൾ തിരിച്ചറിഞ്ഞ് ഉചിത ആവിഷ്കാരരൂപങ്ങളിൽ അവതരിപ്പിക്കുന്നു |

# അടിസ്ഥാനപാഠാവലി

## ക്ലാസ്സ് - X(HI)

**പ്രമേയം** : ഭാഷയും സംസ്കാരവും **സമയം** : 18 മണിക്കൂർ

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ |
|---|---|
| • ആശയവിനിമയത്തിന് അപ്പുറം ഭാഷയ്ക്ക് ഒട്ടേറെ മാനങ്ങളുണ്ട്.<br>• ഭാഷ സാംസ്കാരികവിനിമയത്തിന്റെ നിർണായക ശക്തിയാണ്.<br>• സാംസ്കാരികത്തനിമ നിലനിർത്തുന്ന ഭാഷയുടെ മരണം സ്വത്വബോധം ഇല്ലാതാക്കും.<br>• വിവിധ സംസ്കാരങ്ങളുടെ സങ്കലനമായ മലയാളഭാഷയുടെ തനിമ നിലനിർത്തേണ്ടതുണ്ട്.<br>• ഭാഷയ്ക്കുമേലുള്ള അധിനിവേശം സംസ്കാരത്തിന്റെ നാശത്തിന് കാരണമാവുന്നു.<br>• ആധിപത്യത്തിന് ശ്രമിച്ചവർ ആദ്യം കീഴടക്കിയത് ഭാഷയാണ്.<br>• കാലദേശങ്ങൾക്കനുസരിച്ച് ഭാഷയിൽ മാറ്റമുണ്ടാവുന്നു.<br>• ജനജീവിതവുമായി ബന്ധപ്പെട്ടാണ് ഭാഷ വികാസം പ്രാപിച്ചിട്ടുള്ളത്.<br>• ഇതരഭാഷകളിൽ നിന്ന് പദങ്ങൾ സ്വീകരിച്ചുകൊണ്ടാണ് എല്ലാ ഭാഷകളും അവയുടെ പദസഞ്ചയം ശക്തിപ്പെടുത്തുന്നത്. | • ഭാഷയുടെ തനിമയും സ്വത്വവും വെളിപ്പെടുത്തുന്ന കഥ/കവിത വായിച്ച് ആവിഷ്കാരഭംഗി ചർച്ചചെയ്യുന്നു.<br>• ഭാഷാസംരക്ഷണ പ്രവർത്തനങ്ങളിൽ ഇടപെടുന്നു.<br>• അധിനിവേശത്തിന് വിധേയമായ ഭാഷയുടെ അവസ്ഥ തിരിച്ചറിയുകയും അതുമൂലം നഷ്ടപ്പെടുന്ന സാംസ്കാരികാനുഭവതലം ബോധ്യപ്പെടുകയും ചെയ്യുന്നു.<br>• ഭാഷാധിനിവേശത്തിലൂടെ സാംസ്കാരികാധിനിവേശം സാധ്യമാകുന്നു എന്ന ധാരണ നൽകുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, ഫീച്ചറുകൾ എന്നിവ വിശകലനം ചെയ്യുന്നു. |

**പ്രമേയം** : പ്രയോജനവാദം ഉയർത്തുന്ന വെല്ലുവിളികൾ **സമയം** : 15 മണിക്കൂർ

| | |
|---|---|
| • എന്തിന്റെയും പ്രയോജനത്തെ കുറിച്ചുള്ള അതിരു കവിഞ്ഞ ആശങ്ക.<br>• കുടുംബബന്ധങ്ങളെയും സൗഹൃദങ്ങളെയും ഭൗതികനേട്ടങ്ങളുമായി മാത്രം ബന്ധപ്പെടുത്തിക്കാണുന്ന അവസ്ഥ.<br>• എല്ലാറ്റിലും വിപണിയുടെ ആവശ്യങ്ങൾ കടന്നുവരുന്നു എന്ന തിരിച്ചറിവ്.<br>• സ്വപ്നങ്ങളും പ്രതീക്ഷകളും ഉപേക്ഷിച്ച് തികഞ്ഞ പ്രയോജനവാദത്തിൽ അഭിരമിക്കുന്ന അവസ്ഥ.<br>• ആഴത്തിലുള്ള വിമർശനങ്ങൾക്കോ വിശകലനങ്ങൾക്കോ മുതിരാതെ എന്തിനെയും ഉപരിപ്ലവമായി മാത്രം വിലയിരുത്തുന്ന രീതി.<br>• ആശയങ്ങൾക്കോ പ്രത്യയശാസ്ത്രങ്ങൾക്കോ വേണ്ടി കഠിനമായി പരിശ്രമിക്കാനുള്ള മനസ്സില്ലായ്മ.<br>• ഓരോന്നിനെയും തന്റെ ആവശ്യവുമായി മാത്രം ബന്ധപ്പെടുത്തി വിലയിരുത്തുന്നത് തെറ്റാണെന്ന തിരിച്ചറിവ്.<br>• ചെറുവാക്യങ്ങൾ പലരീതിയിൽ കൂട്ടിയിണക്കി വാക്യങ്ങൾക്ക് വൈവിധ്യം സൃഷ്ടിക്കാൻ കഴിയും. | • പ്രയോജനവാദപരമായ ആശയങ്ങൾ പ്രതിഫലിക്കുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ വായിച്ച് നിരൂപണക്കുറിപ്പുകൾ തയാറാക്കുന്നു.<br>• ഓരോ കാലത്തിന്റെയും പ്രശ്നങ്ങൾ കാലഘട്ടവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്ന രചനകൾ വായിച്ച് സ്വന്തമായ രചനകൾ നടത്തുന്നു.<br>• സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ത്യാഗമനസ്കരായ വ്യക്തികളുടെ ആത്മകഥകൾ, ജീവചരിത്രങ്ങൾ എന്നിവ വായിച്ച് കുറിപ്പുകൾ തയാറാക്കുന്നു.<br>• ആശകൾ, സ്വപ്നങ്ങൾ, പ്രതീക്ഷകൾ തുടങ്ങിയവ പ്രതിഫലിപ്പിക്കുന്ന സർഗാത്മകരചനകളിൽ ഏർപ്പെടുന്നു. |

**പ്രമേയം : പ്രവാസജീവിതം സൃഷ്ടിക്കുന്ന സംഘർഷങ്ങൾ** **സമയം : 18 മണിക്കൂർ**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ |
|---|---|
| • വളരെപ്പണ്ടുമുതൽ തന്നെ തൊഴിൽ തേടി മലയാളികൾ അന്യനാടുകളിലേക്കു പോവാറുണ്ട്.<br>• പ്രവാസജീവിതം നയിക്കുന്ന മലയാളികൾക്ക് അവർ ജനിച്ചുവളർന്ന സാഹചര്യവും അന്തരീക്ഷവും നഷ്ടമാകുന്നുണ്ട് എന്നു തിരിച്ചറിയുന്നു.<br>• വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന മലയാളി വലിയ ഗൃഹാതുരത്വം അനുഭവിക്കുന്നു.<br>• പ്രവാസികൾ പലവിധത്തിലുള്ള അരക്ഷിതബോധം അനുഭവിക്കുന്നു.<br>• പ്രവാസികൾ നാട്ടിൽ വിട്ടുപോകുന്ന കുടുംബങ്ങൾക്കകത്ത് സംഘർഷങ്ങളുണ്ട്.<br>• കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങിനിർത്തുന്നത് പ്രവാസികൾ സംഭരിക്കുന്ന സമ്പത്താണെന്നറിയുന്നു.<br>• തൊഴിൽ തേടി മറുനാടുകളിലേക്ക് പോകാനാഗ്രഹിക്കുന്ന പലരും വഞ്ചിക്കപ്പെടുന്നുണ്ട് എന്ന് അറിയുന്നു.<br>• പ്രവാസജീവിതത്തിന്റെ പല പ്രശ്നങ്ങളും നമ്മുടെ സാഹിത്യകൃതികൾ ആവിഷ്കരിച്ചിട്ടുണ്ട്. | • പ്രവാസജീവിതവുമായി ബന്ധപ്പെട്ട അനുഭവക്കുറിപ്പുകൾ, അഭിമുഖങ്ങൾ, മറ്റു രചനകൾ തുടങ്ങിയവ വിശകലനം ചെയ്ത് പ്രവാസജീവിതത്തിന്റെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു.<br>• പ്രവാസികളുമായി അഭിമുഖം നടത്തി കുറിപ്പുകൾ തയാറാക്കുന്നു.<br>• ടി.വി. പരിപാടികൾ, ചലച്ചിത്രങ്ങൾ തുടങ്ങിയവയിൽ ആവിഷ്കരിക്കുന്ന പ്രവാസജീവിതചിത്രീകരണങ്ങൾ വിശകലനം ചെയ്യുന്നു. |

## ഉൾപ്പെടുത്തേണ്ട പാഠങ്ങളും പഠനപ്രക്രിയയും

## കേരളപാഠാവലി

## യൂണിറ്റ് 1
# കാലിലാലോലം ചിലമ്പുമായ്

### 1. ചെറുതായില്ല ചെറുപ്പം

1. കഥകളിയുടെ പ്രസക്തഭാഗം (പാഠഭാഗത്തിന് മുൻപും പിൻപും ഉള്ളത് ഉൾപ്പെടുത്താവുന്നതാണ്) ക്ലാസിൽ പ്രദർശിപ്പിക്കുക.
   a. കഥകളി ഭാഗത്തുനിന്ന് മനസ്സിലാക്കാൻ കഴിയുന്ന കഥ എഴുതി അവതരിപ്പിക്കുകയോ, പറയുകയോ ചെയ്യട്ടെ.
   b. നളചരിതം ഒന്നാം ദിവസത്തിന്റെ കഥ അധ്യാപിക വിശദീകരിച്ചു കൊടുക്കുന്നു.
   c. കഥകളിയിലെ ചില പദങ്ങളുടെ അഭിനയം മാത്രം പ്രത്യേകം പ്രദർശിപ്പിക്കുന്നു. ഇവിടെ വെളിപ്പെടുത്തുന്ന ആശയം എന്താണ്? എത്രത്തോളം നന്നായി അത് അവതരിപ്പിക്കുന്നു? കുട്ടികളുടെ കണ്ടെത്തലുകൾ കുറിക്കുക. പാഠഭാഗത്തെ വരികൾ കുട്ടികൾ കണ്ടെത്തട്ടെ. അതു കൂടെ കണക്കിലെടുത്ത് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

   (1) ചലദളിഝങ്കാരം.....

   (2) മിന്നൽക്കൊടിയിറങ്ങി ...

   (3) ഇനിയൊരടി നടന്നാൽ ...

   (4) യൗവനം വന്നുദിച്ചിട്ടും.....

   സി.ഡി യിൽ ഈ ഭാഗം കാണിക്കുമ്പോൾ കുട്ടി പാഠഭാഗത്തിൽ നിന്ന് കണ്ടുപിടിക്കുന്നു.
2. കഥകളിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ സ്ളൈഡ് ആയി പ്രദർശിപ്പിക്കുന്നു. വേഷം, മുദ്രകൾ തുടങ്ങിയവയെക്കുറിച്ച് സാമാന്യമായ ധാരണ വികസിപ്പിക്കുക.
3. നളചരിതത്തിൽ പരിചയപ്പെട്ട ഭാഗത്തുനിന്ന് ഒരു മുഹൂർത്തം തിരഞ്ഞെടുത്ത് മൂകാഭിനയം നടത്തട്ടെ.
4. പാഠഭാഗം നാടകരൂപത്തിൽ അവതരിപ്പിക്കാം.
5. കഥകളിവേഷം, വാദ്യം തുടങ്ങിയവയുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമാണം.

### 2. ആർട്ട് അറ്റാക്ക് – എം. മുകുന്ദൻ

നൃത്തരൂപങ്ങൾ, നാടകം, ബ്രേക്ക്ഡാൻസ്, തുടങ്ങി വ്യത്യസ്ത സ്വഭാവം പുലർത്തുന്ന കലകളുടെ ചിത്രം പ്രദർശിപ്പിക്കുന്നു. ഇവയിൽ ഏതെല്ലാം കലകളാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്? എന്തുക്കൊണ്ട്? ചില കലകൾ നല്ലതല്ലെന്ന് തോന്നുന്നത് എന്തുകൊണ്ട്? കലാസ്വാദനത്തിൽ മുതിർന്നവരും യുവാക്കളും തമ്മിൽ വ്യത്യാസം പുലർത്തുന്നുണ്ടോ? ചർച്ച:

കഥവായിക്കാൻ ആവശ്യപ്പെടുന്നു.

**കഥാപാത്രങ്ങളുടെ താരതമ്യം**

മനസ്സിലാക്കാൻ പ്രയാസമുള്ള ഭാഗങ്ങൾ അടയാളപ്പെടുത്തൽ.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് വ്യക്തത വരുത്താൻ ശ്രമിക്കട്ടെ. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കണം.

ഇഷ്ടപ്പെട്ട കഥാപാത്രത്തെ കണ്ടെത്തി കാര്യകാരണങ്ങൾ നിരത്താൻ ആവശ്യപ്പെടുന്നു.

മകൾ വരച്ച ചിത്രം ശിവരാമനെ അസ്വസ്ഥനാക്കാൻ കാരണമെന്ത്?

കലയെ സംബന്ധിച്ച് ശിവരാമൻ പുലർത്തുന്ന കാഴ്ചപ്പാടിനോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു.

തുടക്കത്തിൽ കലകളുടെ ചിത്രങ്ങളുമായി ബന്ധപ്പെട്ടു നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ കഥ വിശകലനം ചെയ്യാം.

- ക്ലാസിൽ ചർച്ചകൾ നടക്കുമ്പോൾ ഉരുത്തിരിയുന്ന ആശയങ്ങൾ ചാർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. കുറിപ്പുകളും ആസ്വാദനവും മറ്റും തയാറാക്കാൻ ഈ സൂചനകൾ കുട്ടികൾക്ക് സഹായകമാകണം.
- തലക്കെട്ട് വിശകലനം
- കഥാസന്ദർഭങ്ങൾ ചിത്രീകരിക്കൽ (illustrations).

## യൂണിറ്റ് 2
# ഇരുചിറകുകളൊരുമയിലങ്ങനെ

### 1. ഇവൾക്കു മാത്രമായ് – സുഗതകുമാരി

ദു:ഖിതയായ ഒരു സ്ത്രീയുടെ ചിത്രം (Painting) പ്രദർശിപ്പിക്കുന്നു. ചിത്രത്തിൽ നിന്ന് എന്തൊക്കെ മനസ്സിലാക്കാം? അവളുടെ മാനസികാവസ്ഥ വിശദമാക്കാമോ? ഈ അവസ്ഥക്ക് കാരണം എന്താവാം.?

- വീഡിയോ കൊളാഷ്

കുട്ടികളുടെ നിരീക്ഷണങ്ങൾ ചാർട്ടിൽ രേഖപ്പെടുത്തുന്നു.

സമൂഹത്തിൽ സ്തീകൾ പലതരത്തിലുള്ള അവഗണനകളും ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടോ? കവിത എൽ.സി.ഡി ഉപയോഗിച്ച് പ്രദർശിപ്പിക്കുകയും ടീച്ചർ വിശദീകരിക്കുകയും ചെയ്യുന്നു. ചിത്രത്തിൽ കണ്ടെത്തിയ കാര്യങ്ങളും കവിതയിൽ നിന്നു മനസ്സിലാക്കിയ കാര്യങ്ങളും താരതമ്യം ചെയ്യാം. ഇഷ്ടപ്പെട്ട ആശയങ്ങൾ പറയട്ടെ. ചാർട്ടിൽ രേഖപ്പെടുത്തുന്നു. അവയുമായി ബന്ധിപ്പിക്കാവുന്ന വരികൾ കവിതയിൽ നിന്നു കണ്ടെത്തട്ടെ. അവ സ്ക്രീനിൽ വലുതാക്കി കാണിക്കണം.

- ഇഷ്ടപ്പെട്ട വരികൾ വ്യാഖ്യാനിക്കട്ടെ.
- ലഘു ആസ്വാദനം
- പോസ്റ്റർ - സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്താൻ പ്രേരിപ്പിക്കുന്നത്.

- ഞാനറിയുന്ന സ്ത്രീ - കുറിപ്പ്
  - കവിത ചൊല്ലാൻ കഴിയുന്നവർക്ക് അതിനുള്ള അവസരം നൽകണം.

### 2. സാഹിത്യത്തിലെ സ്ത്രീ – ജോസഫ് മുണ്ടശ്ശേരി

ലേഖനം മൂന്നു ഭാഗമായി തിരിച്ച് മൂന്നു ഗ്രൂപ്പുകൾക്ക് നല്കണം.

ഗ്രൂപ്പ് - 1 സാഹിത്യകാരന്മാർ...... കോട്ടം തട്ടിയിട്ടില്ല.

ഗ്രൂപ്പ് - 2 ഇന്ത്യയിൽ ആർഷസംസ്കാരത്തിന്റെ ........ ഭാഗ്യം കിട്ടിയിരിക്കുന്നു.

ഗ്രൂപ്പ് - 3 കുമാരനാശാന്റെ ... പറയാനുള്ളൂ.

വ്യക്തിഗതമായ വായന - മനസ്സിലാകാത്ത ഭാഗം ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

നിഘണ്ടു പരിശോധന ഉറപ്പുവരുത്തുന്നു.

ഗ്രൂപ്പിൽ ടീച്ചറുടെ ഇടപെടൽ

ദീർഘ വാക്യങ്ങൾ മുറിച്ച് ലഘുവാക്യങ്ങളാക്കി പരിചയപ്പെടുത്തുന്നു.

വായിച്ച ഭാഗത്തിന് തലക്കെട്ടു നല്കൽ

എൽ.സി.ഡി യിൽ പാഠം പ്രദർശിപ്പിച്ച് ഗ്രൂപ്പ് പ്രതിനിധികൾ വിശദീകരിക്കുന്നു.

പാഠഭാഗത്തെ ആശയങ്ങൾ അടിസ്ഥാനമാക്കി ചോദ്യങ്ങൾ തയാറാക്കട്ടെ.

ചോദ്യോത്തര മത്സരം

- സാഹിത്യത്തിലെ സ്ത്രീയും ജീവിതത്തിലെ സ്ത്രീയും താരതമ്യക്കുറിപ്പ് തയാറാക്കണം.
- പുരുഷാധിപത്യം ധ്വനിപ്പിക്കുന്ന പദങ്ങൾ (സാഹിത്യകാരന്മാർ - സ്ത്രീകളെ ഉൾക്കൊള്ളുന്നില്ല) ലേഖനത്തിൽ നിന്ന് കണ്ടെത്തട്ടെ.

  പുരാണത്തിലെ സ്ത്രീകൾ - കഥപറയൽ മത്സരം (ആംഗ്യസഹായത്തോടെ) ചില കഥകൾ ടീച്ചറും അവതരിപ്പിക്കുന്നു. ചാർട്ടിൽ രേഖപ്പെടുത്തുന്നു.
- കുമാരനാശാന്റെ  സ്ത്രീ കഥാപാത്രങ്ങൾ - നിരൂപണം.
- ചാർട്ടിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തണം.
- ചുവർ പത്രിക നിർമാണം
- ചോദ്യാവലി

## യൂണിറ്റ് – 3
# അശാന്തിപർവങ്ങൾക്കപ്പുറം

### 1. ഗാന്ധാരീ വിലാപം – എഴുത്തച്ഛൻ

മഹാഭാരതകഥയിലെ കുരുക്ഷേത്രയുദ്ധ സന്ദർഭം പ്രമേയമായ ചിത്രകഥകൾ പരിചയപ്പെടുന്നു. ഭഗദത്തൻ, അഭിമന്യൂ, ഘടോൽക്കചൻ, അർജ്ജുനൻ, ഭീമൻ, ശ്രീകൃഷ്ണൻ, ഭീഷ്മർ, ദുര്യോധനൻ, ജയദ്രഥൻ, ഗാന്ധാരി, സുഭദ്ര, ഉത്തര തുടങ്ങിയ കഥാപാത്രങ്ങളെ കണ്ടെത്തുന്നു. കവിതയിലെ ആശയം ഉൾക്കൊള്ളുന്ന ചില ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു (സ്ലൈഡ് ഷോ). കുട്ടികൾക്കുള്ള അഭിപ്രായം ചാർട്ടിൽ രേഖപ്പെടുത്തുന്നു.

കവിതാഭാഗം ചൊല്ലുന്നു. യുദ്ധത്തിന്റെ ഭീകരത ചിത്രീകരിക്കുന്ന വരികൾ കണ്ടെത്തുന്നു. ഗാന്ധാരിയുടെ ദുഃഖം മൂകാഭിനയം/മോണോ ആക്ട്.

- യുദ്ധവും സ്ത്രീകളും- കുറിപ്പ്

'ഗാന്ധാരിയുടെ വിലാപത്തിന് ശത്രു മിത്ര ഭേദമില്ല. മക്കൾ നഷ്ടപ്പെട്ട എല്ലാ അമ്മമാരുടേയും നിലവിളിയാണത്.' പാഠഭാഗത്തെ ആശയങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. കഥാപാത്ര നിരൂപണവും തയാറാക്കുന്നു.

### 2. പട്ടാളക്കാരൻ – തകഴി ശിവശങ്കരപിള്ള

കുട്ടികളെ ലഘു ഗ്രൂപ്പുകളാക്കി തിരിച്ച് കഥാഭാഗം നൽകുന്നു. ഏതാനും കുട്ടികളെക്കൊണ്ട് കഥാഭാഗം വായിപ്പിക്കുന്നു. കുട്ടികൾക്ക് മനസ്സിലായ ആശയം ബോർഡിൽ രേഖപ്പെടുത്തുന്നു. കൂടുതൽ വ്യക്തതവേണ്ടിടത്ത് അധ്യാപിക ഇടപെടുന്നു. രാമൻനായർ, നാണി, വൃദ്ധ തുടങ്ങിയ കഥാപാത്രങ്ങളുടെ സവിശേഷത കണ്ടെത്തുന്നു.

പട്ടാളക്കാരുടെ ജീവിതത്തിലെ ഏതെല്ലാം പ്രതിസന്ധികൾ കഥയിൽ കണ്ടെത്താം?

കുട്ടികളുടെ പ്രതികരണങ്ങൾ ബുള്ളറ്റുകളായി അവതരിപ്പിക്കുന്നു. വൃദ്ധയുടെ വീട്ടിൽ താമസിച്ച ദിവസം രാമൻനായർ എഴുതാനിടയുള്ള ഒരു ഡയറി.

(ഇത്രയും നാൾ അനുഭവിച്ച അനാഥത്വം - ഇപ്പോൾ അനുഭവിക്കുന്ന സന്തോഷം - ഇവ ഡയറിയിൽ ഉൾപ്പെടുത്തണം)

യുദ്ധരംഗത്തായിരിക്കുന്ന രാമൻ നായർക്ക് നാണി എഴുതുന്ന ഒരു കത്ത്/മറുപടികത്ത് തയ്യാറാക്കുക.

കഥാ സന്ദർഭം. കുട്ടികൾ അഭിനയിക്കട്ടെ. വീഡിയോ ക്യാമറ ഉപയോഗിച്ച് ചിത്രീകരിച്ച് പ്രദർശിപ്പുക്കുക.

യുദ്ധ വിരുദ്ധ സിനിമകൾ/ഹ്രസ്വചിത്രങ്ങൾ ഉൾപ്പെടുത്തി ചലച്ചിത്രമേള നടത്തുക. ഏതെങ്കിലും സിനിമയെക്കുറിച്ച് ആസ്വാദനം തയ്യാറാക്കുക. പതിപ്പാക്കുക. യുദ്ധത്തിനെതിരായുള്ള പോസ്റ്റർ, സന്ദേശം ബ്ലോഗിൽ തയ്യാറാക്കുക.

## യൂണിറ്റ് – 4
# കായിൻപേരിൽ പൂ മതിക്കുവോർ

### 1. ഉതുപ്പാന്റെ കിണർ – കാരൂർ നീലകണ്ഠപ്പിള്ള

ഉതുപ്പാന്റെ ജീവിതത്തിലെ വിവിധ ദൃശ്യങ്ങൾ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ഉതുപ്പാൻ ഭാരവുമായി നടക്കുന്ന ദൃശ്യം | പണം ഒട്ടും നഷ്ടപ്പെടുത്താതെ സൂക്ഷിക്കുന്ന ചിത്രം | കടത്തിണ്ണയിൽ വിശ്രമിക്കുന്ന ചിത്രം |
| സ്വരൂപിച്ച പണം എണ്ണിനോക്കുന്നു. | വാങ്ങിയ ഭൂമിയിൽ കിണർ കുഴിക്കുന്നു. | |
| നഗരസഭയിൽ നിന്നും ഈ കിണർ മൂടാൻ നിർദ്ദേശിക്കുന്ന പോസ്റ്റർ | വാർത്ത അറിഞ്ഞ ഉതുപ്പാൻ കിണറിന്റെ കരയിൽ തകർന്നിരിക്കുന്ന ചിത്രം | |

ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ കഥ എഴുതട്ടെ.

കുട്ടികൾ എഴുതിയ കഥയും പുസ്തകത്തിലെ കഥയും താരതമ്യം ചെയ്യുക. ടീച്ചർ കഥ വിശദീകരിക്കുന്നു.

കുടിവെള്ളം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുക.

ഉതുപ്പാന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

ഉതുപ്പാന്റെ കിണർ മൂടുവാൻ നഗരസഭ തീരുമാനിച്ചു. കിണർ മൂടുവാനുള്ള നഗരസഭയുടെ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമവാസികൾ തയ്യാറാക്കാൻ ഇടയുള്ള നിവേദനം.

പത്രവാർത്ത തയ്യാറാക്കുക.

ഒരാഴ്ചയായി ഉതുപ്പാനെ ഗ്രാമവാസികൾ കാണുന്നില്ല ഇതുമായി ബന്ധപ്പെട്ട് പത്രത്തിൽ വരാനിടയുള്ള വാർത്ത തയ്യാറാക്കുക.

## 2. കടലിന്റെ വക്കത്ത് ഒരു വീട് – മാധവിക്കുട്ടി

കഥ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ആശയവ്യക്തതയില്ലാത്ത ഭാഗം പെൻസിൽ കൊണ്ട് അടയാളപ്പെടുത്തുന്നു. ഗ്രൂപ്പിൽ ചർച്ചചെയ്ത് കൂടുതൽ വ്യക്തത വരുത്തുന്നു. ആവശ്യമെങ്കിൽ അധ്യാപികയ്ക്ക് സഹായിക്കാം.

തന്റെ ഏകസ്വത്തായ കമ്പിളിപ്പുതപ്പ് ചെറുപ്പക്കാരന് സമ്മാനിച്ച അറുമുഖത്തിന്റെ ഭാര്യയുടെ പ്രവൃത്തിയെപ്പറ്റി കുട്ടികളുടെ അഭിപ്രായം ആരായുന്നു.

ആശയങ്ങൾ ചാർട്ടിൽ കുറിക്കുന്നു. കുറിപ്പാക്കുന്നു.

ആശയവ്യക്തതക്കായി അധ്യാപികയും ഇടപെടേണ്ടതാണ്. ചാർട്ടിൽ രൂപം കൊണ്ട ആശയങ്ങളെ അടിസ്ഥാനമാക്കി അറുമുഖം, അറുമുഖത്തിന്റെ ഭാര്യ, ചെറുപ്പക്കാരൻ എന്നിവരുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

- കഥ സംഗ്രഹിക്കുന്നു.

# യൂണിറ്റ് – 5
# ദേശപ്പെരുമ

## 1. പൊന്നാനി – നമ്പൂതിരി

പ്രധാനപ്പെട്ട സ്ഥലങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കാണിക്കുന്നു. (നിയമസഭാ മന്ദിരം, തൃശൂർപൂരം)

ചിത്രനിരീക്ഷണം

ചിത്രങ്ങൾ ഏത് സ്ഥലവുമായി ബന്ധപ്പെട്ടതാണ്? കുട്ടികളുടെ ആശയങ്ങൾ ചാർട്ടിൽ രേഖപ്പെടുത്തുന്നു. പാഠഭാഗത്തിലെ ചിത്രങ്ങളും അതിന്റെ വിവരണങ്ങളും കുട്ടികൾ ഒറ്റയ്ക്ക് വിശകലനം ചെയ്യുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് വ്യക്തത വരുത്തുന്നു. ദേശത്തെ വരയ്ക്കുന്നതിന് ഏതെല്ലാം ഘടകങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്? കുറിപ്പ് തയ്യാറാക്കുന്നു.

കുട്ടികളുടെ നാടുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുന്നു. പതിപ്പാക്കുന്നു.

## 2. ഉരുളികുന്നത്തിന്റെ ലുത്തീനിയ – സക്കറിയ

ഗ്രാമഭംഗി നിറഞ്ഞ ചില വീഡിയോ ക്ലിപ്പിംഗുകൾ കുട്ടികളെ കാണിക്കുന്നു.

'ഉരുളികുന്നത്തിന്റെ ലുത്തീനിയ' എന്ന പാഠം വായിക്കാൻ ആവശ്യപ്പെടുന്നു. മനസ്സിലാക്കാൻ പ്രയാസമുള്ള ഭാഗങ്ങൾ അടയാളപ്പെടുത്തട്ടെ. ടീച്ചർ വിശദീകരണം നൽകുന്നു.

'ഉരുളികുന്നം' സക്കറിയയെ സ്വാധീനിച്ചതിനുള്ള ഉദാഹരണങ്ങൾ പാഠഭാഗത്തിൽ നിന്ന് കണ്ടെത്തി ലഘുവിവരണം തയ്യാറാക്കുക.

ഈ യൂണിറ്റിലെ രചനകളിൽ എഴുത്തുകാരന്റെ ദേശം എങ്ങനെയെല്ലാം പ്രത്യക്ഷപ്പെടുന്നു. ഭാഷ, ഭൂപ്രകൃതി മുതലായ സൂചനകൾ ഉപയോഗിച്ച് കുറിപ്പ് തയ്യാറാക്കുക.

- പതിപ്പുനിർമാണം, പ്രദർശനം

## അടിസ്ഥാന പാഠാവലി

# യൂണിറ്റ് – 1
# വാക്കാം വർണക്കുട ചൂടി ……

### 1. എന്റെ ഭാഷ – വള്ളത്തോൾ

പ്രവേശകമായി കൊടുത്തിരിക്കുന്ന കവിതാഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുക. കവിതാഭാഗം കുട്ടികൾ വായിക്കട്ടെ. കുട്ടികൾക്ക് മനസ്സിലായ കാര്യങ്ങൾ ആഗ്യം/ സംഭാഷണം ഇവയിലൂടെ അവതരിപ്പിക്കുന്നു. അമ്മക്കിളിയുടെ ഭാഷ അറിയാത്ത കവിയുടെ ദു:ഖം ചർച്ചയിലൂടെ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഭാഷയുടെ ആവശ്യകത കുട്ടികൾ മനസ്സിലാക്കുന്നു. ചിത്ര വിശകലനം-അമ്മയുടെയും കുഞ്ഞിന്റെയും ചിത്രം.

എന്റെ ഭാഷ എന്ന കവിതാഭാഗം കുട്ടികൾ വായിക്കട്ടെ. പ്രയാസമുള്ള ഭാഗങ്ങളിൽ അധ്യാപിക ഇടപെടുന്നു. കുട്ടികൾ ആശയം കണ്ടെത്തുന്നു. കവിത ചൊല്ലാൻ കഴിയുന്നവർക്ക് പ്രത്യേക അവസരം നല്കുന്നു. കവിതാഭാഗത്തെ ആശയം ചർച്ച ചെയ്യുന്നതിലൂടെ മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

- വാക്യത്തിൽ വരുന്ന തെറ്റുകൾ സ്വയം കണ്ടെത്തൽ, തിരുത്തൽ
- ഉപന്യാസ രചന

### 2. വാക്കിന്റെ കുടെരിയുന്നു. – ഗൂഗി വാ തിഓംഗോ.

പാഠഭാഗം വായനക്കായി നല്കുന്നു. കുട്ടികൾക്ക് പ്രയാസമുള്ള ഭാഗങ്ങൾ കണ്ടെത്തുന്നു. ഗ്രൂപ്പിൽ പങ്കുവെച്ച് പ്രയാസങ്ങൾ ദൂരീകരിക്കുന്നു. അധ്യാപിക വേണ്ട ഭാഗത്ത് സഹായം നല്കുന്നു.

സംശയ ദൂരീകരണത്തിന്റെ ഭാഗമായി നിഘണ്ടു പരിശോധിക്കാൻ അവസരം നല്കുന്നു.

പാഠഭാഗത്തെ ദീർഘ വാക്യങ്ങൾ മുറിച്ച് ചെറു വാക്യങ്ങളാക്കി മാറ്റാൻ അവസരം നല്കുന്നു.

ഇംഗ്ലീഷ് ഭാഷയുടെ കടന്നുകയറ്റത്തോടെ സ്വന്തം ഭാഷയും സാഹിത്യവും അന്യമായതിനെക്കുറിച്ച് ഗൂഗിയുടെ കാഴ്ചപാട് പാഠഭാഗത്തു നിന്നും കണ്ടെത്തി കുറിപ്പ് തയ്യാറാക്കുന്നു.

മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു.

- സി.ഡി. പ്രദർശനം
- വിശകലനക്കുറിപ്പ്
- സംവാദം

# യൂണിറ്റ് – 2
# വേണമീ സ്നേഹ ബന്ധങ്ങളൂഴിയിൽ

### 1. ബ്രഹ്മാലയം തുറക്കപ്പെട്ടു – വി.ടി. ഭട്ടതിരിപ്പാട്

ഗാന്ധിജി, ശ്രീനാരായണഗുരു എന്നിവരുടെ ചിത്രങ്ങൾ കാണിക്കുന്നു. ഇവർ സമൂഹത്തിൽ പ്രചരിപ്പിച്ച ആശയങ്ങൾ എന്തൊക്കെയായിരുന്നു? അവ സാമൂഹിക മാറ്റത്തെ എങ്ങനെയൊക്കെ സ്വാധീനിച്ചു. അധ്യാപിക ചാർട്ടിൽ രേഖപ്പെടുത്തുന്നു. ആശയങ്ങൾ ടീച്ചർ കൂട്ടിച്ചേർക്കുന്നു.

പാഠഭാഗം വായിക്കാൻ നല്കുന്നു പ്രയാസമുള്ള ഭാഗങ്ങളിൽ അധ്യാപിക സഹായിക്കുന്നു.

ഗാന്ധിജി, ശ്രീനാരായണഗുരു തുടങ്ങിയവരുടെ സംഭാവനകളെക്കുറിച്ച് രേഖപ്പെടുത്തിയ ആശയങ്ങൾ പരിശോധിച്ച് വി.ടി.യുടെ ആത്മകഥാഭാഗവുമായി താരതമ്യം ചെയ്യട്ടെ.

അച്ഛനെ വേണ്ടതുപോലെ മനസ്സിലാക്കാൻ മകനു സാധിച്ചില്ല. ഇതിന് ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തട്ടെ.

'മകനെ നന്നായി മനസ്സിലാക്കിയ അച്ഛൻ' - ഈ അഭിപ്രായത്തിൽ തെളിയുന്ന അച്ഛന്റെ സവിശേഷതകൾ കണ്ടെത്തി എഴുതട്ടെ. അർഥതലം കണ്ടെത്തൽ

സാമൂഹിക നവോത്ഥാനത്തിനായി പരിശ്രമിച്ച മഹാന്മാരുടെ ചിത്രങ്ങൾ ലഘുകുറിപ്പുകളോടെ പതിപ്പായി തയാറാക്കുന്നു.

- റോൾ പ്ലേ, സ്കിറ്റ്

### 2. തോരാമഴ – റഫീക്ക് അഹമ്മദ്

തോരാമഴ എന്ന കവിതാഭാഗം കുട്ടികൾ വായിക്കുന്നു. മനസ്സിലായ ആശയം (ആംഗ്യം/സംഭാഷണം) അവതരിപ്പിക്കുന്നു.

കവിതയുടെ ആശയം ലഘുവാക്യങ്ങളിലൂടെ കഥയാക്കട്ടെ. മോണോ ആക്ട് / മൈമിംഗ് രൂപത്തിൽ കുട്ടികൾ അവതരിപ്പിക്കട്ടെ.

- താരതമ്യക്കുറിപ്പ്
- കുറിപ്പ്

### 3. എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ – ഇ. ഹരികുമാർ

"കേരള കഫേ" എന്ന സിനിമയിലെ ബ്രിഡ്ജ് എന്ന ഭാഗം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിനെക്കുറിച്ച് കുട്ടികളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നല്കുന്നു. കഥാവായനയ്ക്ക് അവസരം നല്കുന്നു. വിശദീകരണം നൽകാം. കഥയിലെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അനാഥയായ പെൺകുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാനായകൻ എഴുതാൻ ഇടയുള്ള ഡയറിക്കുറിപ്പ് തയാറാക്കട്ടെ.

- ചിത്രരചന
- കഥാപാത്രസ്വഭാവം കണ്ടെത്തൽ

## യൂണിറ്റ് – 3
## അലയും മലയും കടന്നവർ

### 1. ആടു ജീവിതം – ബെന്യാമിൻ

കുട്ടികളുടെ വീട്ടിൽ നിന്ന് അന്യനാട്ടിൽ ജോലിക്ക് പോയവർ ഉണ്ടാകാം. അവർ ചെയ്യുന്ന ജോലി, ജീവിതാവസ്ഥ ഇവയെക്കുറിച്ച് പറയുകയോ എഴുതുകയോ ചെയ്യട്ടെ.

തൊഴിൽ പരസ്യങ്ങളെക്കുറിച്ചും തൊഴിൽ തട്ടിപ്പിന് ഇടയായവരെക്കുറിച്ചുമുള്ള വാർത്തകളോ റിപ്പോർട്ടുകളോ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അഭിപ്രായങ്ങൾ ചാർട്ടിൽ രേഖപ്പെടുത്തുന്നു.

പാഠഭാഗം വായനക്കായി നല്കാം. നജീബ് നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നു. തൊഴിൽ തേടി അന്യനാട്ടിൽ എത്തുന്ന പ്രവാസികൾ നേരിടുന്ന ദുരിതങ്ങളെക്കുറിച്ച് കഥയിലെ സൂച നകൾ ഉൾപ്പെടുത്തി ലഘുക്കുറിപ്പാക്കാം.

- ശീർഷകത്തിന്റെ ഔചിത്യം
- കഥാപാത്രനിരൂപണം

നജീബിന്റെ കത്തുകിട്ടുമ്പോൾ സൈനു എഴുതാനിടയുള്ള മറുപടികത്ത് തയാറാക്കുക.

തൊഴിൽ തട്ടിപ്പിനെക്കുറിച്ച് ബോധവല്കരണ ക്ലാസ് സംഘടിപ്പിക്കുക.

പ്രവാസികൾ നാടിനുവേണ്ടി ചെയ്യുന്ന സേവനങ്ങൾ പ്രവാസികൾക്ക് വേണ്ടത്ര അംഗീകാരം കിട്ടാത്ത അവസ്ഥ. അവരോടു കാട്ടുന്ന അവഗണന, അവരുടെ മാനസിക ബുദ്ധിമുട്ടുകൾ ഇവ യെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

## 2. ആസ്സാം പണിക്കാർ – വൈലോപ്പിള്ളി

കവിതയിലെ ആദ്യഭാഗത്തിന്റെ ആശയം ഉൾക്കൊള്ളുന്ന ചില ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു (സ്ലൈഡ് ഷോ).

- ഇതിനെ അടിസ്ഥാനപ്പെടുത്തി നാടകം അവതരിപ്പിക്കൽ
- കവിതാഭാഗം എൽ.സി.ഡി യിൽ പ്രദർശിപ്പിച്ച് കവിതാവായന കവിതയിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ കണ്ടെത്തി പ്രതികരണം തയാറാക്കുക.
- കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പാക്കുന്നു.
- കവിതയിലെ കേരള പ്രകൃതിയെ അടിസ്ഥാനമാക്കി ചിത്രരചനയും അടിക്കുറിപ്പും തയാ റാക്കുന്നു.
- ആസ്വാദനക്കുറിപ്പ് തയാറാക്കൽ-പരസ്പരം പരിശോധിച്ച് മെച്ചപ്പെടുത്തുന്നു.

# കേരള പാഠാവലി

## ഉൾപ്പെടുത്തേണ്ട പാഠഭാഗങ്ങൾ

### യൂണിറ്റ്–1

**കാലിലാലോലം ചിലമ്പുമായ്**

1. ചെറുതായില്ല ചെറുപ്പം
2. മുരിഞ്ഞപ്പേരീം ചോറും (തുടർവായന)
3. ആർട്ട് അറ്റാക്ക്

### യൂണിറ്റ് 2

**ഇരുചിറകുകളൊരുമയിലങ്ങനെ**

1. ഇവൾക്കു മാത്രമായ്
2. സാഹിത്യത്തിലെ സ്ത്രീ

### യൂണിറ്റ് 3

**അശാന്തി പർവങ്ങൾക്കപ്പുറം**

1. ഗാന്ധാരീ വിലാപം
2. പട്ടാളക്കാരൻ
3. അർജ്ജുന വിഷാദയോഗം (തുടർവായന)

### യൂണിറ്റ് 4

**കായിൻപേരിൽ പൂ മതിക്കുവോർ**

1. ഉതുപ്പാന്റെ കിണർ
2. അടുത്തൂൺ (തുടർവായന)
3. കടലിന്റെ വക്കത്ത് ഒരു വീട്

### യൂണിറ്റ് 5

**ദേശപ്പെരുമ**

1. പൊന്നാനി
2. കടമ്മനിട്ട (തുടർവായന)
3. ഉരുളികുന്നത്തിന്റെ ലുത്തീനിയ

★ *തുടർവായനയ്ക്കായി നൽകിയിരിക്കുന്ന പാഠഭാഗങ്ങൾ നിരന്തരവിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. എന്നാൽ ഇതിൽ നിന്ന് പൊതുപരീക്ഷകൾക്ക് ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതില്ല.*

# അടിസ്ഥാനപാഠാവലി

## ഉൾപ്പെടുത്തേണ്ട പാഠങ്ങൾ

### യൂണിറ്റ് 1

**വാക്കാം വർണക്കുട ചൂടി**

1. എന്റെ ഭാഷ
2. വാക്കിന്റെ കൂടെരിയുന്നു

## യൂണിറ്റ് 2

**വേണമീ സ്നേഹബന്ധങ്ങളൂഴിയിൽ**

1. കൊച്ചുദുഃഖങ്ങളുറങ്ങൂ...! (തുടർവായന)
2. ബ്രഹ്മാലയം തുറക്കപ്പെട്ടു
3. തോരാമഴ
4. എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ

## യൂണിറ്റ് 3

**അലയും മലയും കടന്നവർ**

1. ആടുജീവിതം
2. ആസ്സാം പണിക്കാർ

★ തുടർവായനയ്ക്കായി നൽകിയിരിക്കുന്ന പാഠഭാഗങ്ങൾ നിരന്തരവിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. എന്നാൽ പൊതുപരീക്ഷകൾക്ക് ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതില്ല.

# കേരള പാഠാവലി

### ഒഴിവാക്കിയ പാഠഭാഗങ്ങൾ

| പാഠഭാഗം | ഒഴിവാക്കാനുള്ള കാരണം |
|---|---|
| 1. യാത്രാമൊഴി | • കുമാരനാശാന്റെ ഈ കവിതാഭാഗം തത്ത്വചിന്തകളും ലോകോക്തികളും നിറഞ്ഞതാണ്. ഇത് ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് വിനിമയം ചെയ്യാൻ പ്രയാസമാണ്. |
| 2. വിണ്ടകാലടികൾ | • ധ്വന്യാത്മകമായ അർത്ഥതലങ്ങൾ ഉൾച്ചേർത്ത കവിത കുട്ടികൾക്ക് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടാണ്. |
| 3. തട്ടകം | • കോവിലന്റെ ഈ പാഠഭാഗം നിലവാരം കൂടിയതാണ്. ഈ പാഠഭാഗത്തിലെ മിത്തുകളും ഐതീഹ്യങ്ങളും കുട്ടികൾക്ക് ഗ്രഹിക്കാൻ പ്രയാസമാണ്. |

# അടിസ്ഥാന പാഠാവലി

### ഒഴിവാക്കിയ പാഠഭാഗങ്ങൾ

| പാഠഭാഗം | ഒഴിവാക്കാനുള്ള കാരണം |
|---|---|
| 1. സൗന്ദര്യപൂജ | • കവിതയിലെ കാവ്യബിംബങ്ങളും ഭാവതലവും വളരെ ഉയർന്നതാണ്. ശ്രവണപരിമിതിയുള്ള കുട്ടികൾക്ക് ഇത് വിനിമയം ചെയ്യാൻ പ്രയാസമാണ്. |
| 2. മലയാളം | • ഈ യൂണിറ്റിൽ തന്നെ സമാന ആശയം ഉള്ള മറ്റു പാഠഭാഗങ്ങൾ ഉള്ളതിനാൽ ഈ കവിതാഭാഗം ഒഴിവാക്കാം. |